# "കൂക്കൂ" ലാൻഡ്

ബാബു പാലത്തും പാട്ട്

"ചെറുപ്പൂരി കാലുമടക്കി ചുമ്മാ തൊഴിക്കാനും എന്റെ കുഞ്ഞുങ്ങളെ പെറ്റുപോറ്റാനും എനിക്കൊരു പെണ്ണിനെ വേണം ......................എങ്കിൽ കയറിക്കോ ."

തരംതാണ ഈ സിനിമ ഡയലോഗുകൾ. മോഹൻലാൽ എന്ന അതുല്യ നടന്റെ ഒരു ഹിറ്റ് ചിത്രത്തിലേതാണ്.
സ്വന്തം ലാലേട്ടൻ പറയുന്ന ഡയലോഗുകൾ മലയാളി ചെറുപ്പക്കാരുടെ ജീവിതത്തിലേക്ക് തള്ളിക്കയറി യാൽ ആർക്കും കുറ്റം പറയാനാവില്ല.
മമ്മൂക്കയും സുരേഷ് ഗോപിയും ദിലീപും ഒക്കെ ഇത്തരം പല ഡയലോഗുകളും കാച്ചിയിട്ടുണ്ട്.
"ഫെയർ ആന്റ് ലവ്‌ലി" പരസ്യങ്ങൾ വെളുപ്പിനെ പ്രകീർത്തിക്കാനുള്ളവയായിരുന്നു.
കറുപ്പിന്റെ പേരിൽ അപഹസിക്കപ്പെട്ടവർ "ഫെയർ ആന്റ് ലവ്‌ലി" തേച്ച് വെളുത്തപ്പോൾ പുകഴ്ത്ത-പ്പെടുന്ന പരസ്യങ്ങൾ.
ഇന്നും പരസ്യങ്ങളിൽ സ്ത്രീകളാണ് കൂടുതലും കച്ചവടച്ചരക്കുകൾ.
സ്ത്രീയുടെ ശരീര വടിവുകൾ ആണ് ഗ്യാസ് സ്റൌവിന്റെ പരസ്യത്തിൽപ്പോലും കാണിക്കുന്നത്.
ഇത്തരം സിനിമകളും പരസ്യ ചിത്രങ്ങളും ചെറുപ്പക്കാരുടെയും വിദ്യാർഥി തലമുറയുടെയും സ്ത്രീവിരുദ്ധതയെയും "സായിപ്പ് - നിഗ്രോ" ചിന്തകളെയും ഊട്ടിയുറപ്പിക്കുന്നു.
സ്ത്രീവിരുദ്ധവും മനുഷ്യത്വരഹിതവുമായ ആശയങ്ങൾ അവരിൽ കുത്തി നിറക്കുന്നു.

ഉടുത്തിരിക്കുന്ന വസ്ത്രം നോക്കി ആളുകളെ തിരിച്ചറിയുന്ന നാടുകളിൽ ഒന്നാണ് നമ്മുടേത്.
സാരി ഉടുത്തു പോകുന്ന ആണിനെ സാരി അഴിച്ചു കാണിച്ചാൽപ്പോലും ആണായി കാണാൻ പ്രയാസപ്പെടുന്ന നാട്

ജീൻസും മറ്റും ധരിച്ച്, ഷാമ്പൂ ഇട്ട മുടിയുമായി നാട്ടിലെ പള്ളികളിൽ വരുന്ന ചില പെൺകുട്ടികളെ കാണുമ്പോൾ തന്റെ ഏതോ അവയവത്തിന് "നീളവും വണ്ണവും" കൂടുന്നു എന്ന മട്ടിൽ ഒരു കത്തോലിക്കാ പുരോഹിതൻ പ്രസംഗിക്കുന്ന "വാട്ട്സാപ്പ് വീഡിയോ" കാണാനിടയായി.

പക്ഷേ, .....
പണ സമ്പാദനത്തിനും ബന്ധു ജനങ്ങളെ അവിടെയെത്തിക്കാനും മറ്റും വൈദികവേല മറയാക്കി അമേരിക്കയിലും യൂറോപ്പിലും മറ്റും ചേന്നുപറ്റുന്ന ഇത്തരം പുരോഹിതന്മാർക്ക് അവിടെയുള്ള വെളുത്തു തുടുത്ത പെൺകുട്ടികൾ ജീൻസ് ധരിച്ചു പള്ളിയിൽ വരുന്നതു കാണുമ്പോഴോ നിക്കറോ ബിക്കിനിയോ ധരിച്ചിരിക്കുന്നത് കാണുമ്പോഴോ ശരീര അവയവങ്ങളിൽ പെരുപ്പൊന്നും തോന്നാറില്ല. വല്ല പെരുപ്പും തോന്നിയാൽപ്പോലും പ്രശ്നവുമാക്കില്ല. പ്രശ്നമാക്കാൻ ചെന്നാൽ അടുത്ത വിമാന ത്തിൽ കേരളത്തിലേക്ക് സീറ്റ് ബുക്ക് ചെയ്യേണ്ടിവരും എന്ന് അവർക്കറിയാം. അതിനാൽ കർത്താവിന്റെ ശുശ്രൂഷ ചെയ്യാനുള്ള തിരുവസ്ത്രം കൊണ്ട് അവർ തങ്ങളുടെ പെരുപ്പ് ആരും അറിയാതെ മൂടും. (വിദേശങ്ങളിൽ നൂറു കണക്കിന് പീഡനങ്ങൾ നടന്നിട്ടുണ്ടെന്നും നടക്കുന്നുണ്ടെന്നും ഉള്ള സത്യം മറക്കുന്നില്ല.)
ഇതുപോലുള്ള "വാട്ട്സാപ്പ് വീഡിയോ പുരോഹിത" ന്മാരും മറ്റും സമൂഹത്തിൽ പൊതുവെ സ്ത്രീ ശരീരത്തെപ്പറ്റി വികലമായ ധാരണകൾ ഉണ്ടാക്കാൻ സഹായിക്കുന്നു

(ഒരു സ്നേഹിതൻ ആവശ്യപ്പെട്ടതിനാൽ അദ്ദേഹത്തിനു മാത്രമേ ആ വീഡിയോ ഞാൻ ഷെയർ ചെയ്തുള്ളൂ)

കുട്ടി ഉടുപ്പ് ഇട്ട് സ്റ്റെഫി ഗ്രാഫും മാർട്ടിന ഹിങ്ഗിസും മാർട്ടിന നവരത്തിലോവയും സറീന വില്യംസും വീനസ് വില്യംസും ടെന്നിസ് കളിക്കുമ്പോൾ അവരുടെ സർവീസുകളും അവരുടെ ഏസ്സുകളും (ACES) അവർ നേടിയ സെറ്റുകളും ആണ് വിദേശികൾ ആസ്വദിക്കുന്നത്.

പക്ഷേ, മാർട്ടിന ഹിങ്ഗിസ്സിനെപ്പോലുള്ള കളിക്കാരികൾ കളിക്കിടയിൽ വീണുകിടന്നു പന്തെടുക്കു മ്പോൾ സ്ഥാനചലനം സംഭവിച്ച കുട്ടിയുടുപ്പ് വെളിവാക്കുന്ന അവരുടെ "ആസ്സു"(ASS) കളാണ് പല മലയാളികളും കൂടുതൽ ശ്രദ്ധിക്കുന്നത് എന്ന് ഞാൻ നേരിട്ട് മനസ്സിലാക്കിയിട്ടുണ്ട്.

ഇന്ത്യയുടെ അഭിമാനമായ സാനിയ മിർസയുടെ പേരിലുണ്ടായ ചില ഗുലുമാലുകൾ പലരും കേട്ടിട്ടുണ്ടാവും?

ആധുനിക സമൂഹത്തിൽ അമിത നഗ്നതാ പ്രദർശനം വിലക്കപ്പെട്ടതുതന്നെയാണ്

നമ്മുടെ നാട്ടിൽ, എന്തിനും ഏതിനും "അധികമായാൽ അമൃതം വിഷം" എന്ന് പതിവായി പറയുന്ന കൂട്ടർ
സ്ത്രീ ശരീരം മറച്ചു വെക്കപ്പെടേണ്ടതാണെന്നുള്ള ബോധ്യം കൊച്ചുമനസ്സുകളിൽപ്പോലും അമിതമായി കുത്തി നിറയ്ക്കുന്നതിൽ വിഷം കാണുന്നില്ല.
അതുമൂലം സ്വന്തം ശരീരവളർച്ചകൾപോലും പെൺകുട്ടികൾക്ക് സ്വയം ഏതൊക്കെയോ അരക്ഷിതാവസ്ഥകൾ തോന്നാൻ ഇടയാക്കുന്നു എന്ന വാസ്തവവും അവർ മനസ്സിലാക്കുന്നില്ല .
കാലിനെ കാലായി മാത്രം കാണാൻ കഴിയണം. നടക്കാനും ഓടാനുമുള്ള ഒരു അവയവമാണത്.

കാലുപോലെതന്നെയാണ് ശരീരത്തിലെ ഓരോ അവയവങ്ങളും.
കാലുപയോഗിച്ചു മൂത്രമൊഴിക്കാൻ കഴിയില്ലെന്ന് അറിയണം
പുരുഷനുള്ള അവയവങ്ങൾ മറ്റൊരു രൂപത്തിൽ പെണ്ണിൽ കാണുമ്പോൾ അശ്ലീലമാകില്ലെന്നു ചിന്തിക്കാൻ പഠിക്കണം.
ആൺ പെൺ വ്യത്യാസങ്ങളിൽ പ്രധാനം അവയവങ്ങളിലുള്ള രൂപ മാറ്റമാണ് എന്നറിയണം

"വല്ലതും അനത്തിത്തരാനും അലക്കിത്തരാനും തൂത്തുവാരാനും ഒരു പെണ്ണ് കെട്ടരുതോ" എന്ന പഴയകാല ചോദ്യത്തിന് ഇന്ന് പ്രസക്തിയില്ല.
കാലവും കാലാവസ്ഥയും മണ്ണും മതവും മനസ്സും ചേർന്ന് പെണ്ണിന് ഒരുപാട് "അരുത്" കൾ നിർണ്ണയിച്ചിട്ടുണ്ട്. വീടുകളിലും പുറത്തും എല്ലായിടത്തും ആ അരുതുകൾ നില നിൽക്കുന്നു
കാലവും കാലാവസ്ഥയും മണ്ണും മാറുന്നതനുസരിച്ച് മതവും മനസ്സും മാറേണ്ടിയിരിക്കുന്നു.
പ്രത്യേകിച്ച് പുരുഷന്റെ മനസ്സ്
അരുതുകൾ മാറേണ്ടിയിരിക്കുന്നു

പുതുതലമുറയുടെ സ്ത്രീവിരുദ്ധമായ കാഴ്ച്ചകളിലും ശീലങ്ങളിലും മാറ്റമുണ്ടാകേണ്ടിയിരിക്കുന്നു.

സ്ത്രീ ശരീരം **3G** യോ **4** G യോ ഗണത്തിലുള്ളതല്ലെന്നും "ഫ്ലാറ്റ്റേറ്റ്പ്രൈസ്" (Flat Rate) -ൽ ഉപയോഗിക്കാനുള്ള തല്ലെന്നും അറിഞ്ഞിരിക്കണം.

ഇല്ലെങ്കിൽ ആണുങ്ങളുടെ അരയിലെ 3G പെണ്ണുങ്ങൾ തല്ലിയുടക്കാനിറങ്ങുന്ന കാലം വിദൂരമല്ല.

വീട്ടകങ്ങളിലും പുറങ്ങളിലും ആൺ പെൺ വേർതിരിവുകൾ കുറയേണ്ടിയിരിക്കുന്നു
വീട്ടകങ്ങളിലെ ആൺ പെൺ വേർതിരിവുകളിൽ നിന്നാണ് ഗാർഹിക പീഢനവും ബലാത്സംഗങ്ങളും ഉടലെടുക്കുന്നത് .......

******************** ********************

കുറിപ്പ്:- ഇതെഴുതാൻ പ്രേരണ കിട്ടിയതിന് നിലീന അത്തോളിയുടെ "ടെന്നീസ് കളിക്കാരികളെല്ലാം കുട്ടിയുടുപ്പിടുന്നതെന്തിന്?" (mathrubhumi) എന്ന ലേഖനത്തിനോട് നന്ദി